# സാഹിത്യവാരഫലം

1992/01/26 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1992/01/26-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

> ഫലപ്രാപ്തി ഇന്നത് എന്ന നേരത്തേ അറിയാമെങ്കിൽ ഏതു പ്രവൃത്തിയാണ് ജിജ്ഞാസ ഉളവാക്കുക?

ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് സർവാധികാര്യക്കാരും പ്രിവന്റിവ് സൂപറിൻറെൻഡുമായിരുന്ന (പില്ക്കാലത്ത് എക്സൈസ് കമ്മിഷണർ എന്ന ജോലിപ്പേര്) മാധവൻപിള്ളയുടെ മൂത്ത മകനായിരുന്നു അയ്യനം കുട്ടൻപിള്ള. വലിയ ആളുകളുടെ മക്കൾ മിക്കവാറും പഠിക്കില്ല. പഠിക്കാതെ, സാംസ്കാരികകാര്യങ്ങളിൽ ശ്രദ്ധിക്കാതെ നടന്ന കുട്ടൻപിള്ള വെറും ഡ്രൈവറായിത്തീർന്നു. അച്ഛൻ പ്രമുഖനായ ഉദ്യോഗസ്ഥൻ. അമ്മ "സന്താനഗോപാലം" ചമ്പു എഴുതിയ കരുവേലിൽ ഗൗരിക്കുട്ടിഅമ്മ. എന്നിട്ടും കുട്ടൻപിള്ള കാറിന്റെ വളയം പിടിക്കാനാണുപോയത്. അദ്ദേഹം കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഡ്രൈവറായിരുന്നു. കാറോടിച്ചു തിരുവനന്തപുരത്തേക്കു പോരുമ്പോൾ ഒരു പട്ടിയെടുത്തു റോഡിനു കുറുകേ ചാടി. അതിനെ രക്ഷിക്കാൻ കുട്ടൻപിള്ള കാറ് വെട്ടിയൊഴിച്ചപ്പോൾ അത് ഒരു ചാലിലേക്കു മറിയുകയും വൃദ്ധനായ കേരളവർമ്മയ്ക്ക് ആഘാതമേല്ക്കുകയും ചെയ്തു. മൂന്നുദിവസം കഴിഞ്ഞ് അദ്ദേഹം മരിച്ചുപോയി. കാറ് മറിയാതിരുന്നെങ്കിൽ ജീവിച്ചിരുന്നേനേ. "മയൂര സന്ദേശം" പോലുള്ള വിലക്ഷണങ്ങളായ സന്ദേശകാവ്യങ്ങളും "വിശാഖവിജയം" പോലുള്ള വിരൂപങ്ങളായ മഹാകാവ്യങ്ങളും "അഭിജ്ഞാനശാകുന്തളം" പോലുള്ള ജുഗുപ്സാവഹങ്ങളായ തർജ്ജമകളും അദ്ദേഹം കേരളീയർക്കു നല്കുമായിരുന്നു. അയ്യനം കുട്ടൻപിള്ള ഒരു കണക്കിൽ കേരളീയരെ രക്ഷിച്ചു. ഡ്രൈവർ മാത്രമായിരുന്നില്ല കുട്ടൻപിള്ള. പേരുകേട്ട ഗുസ്തിക്കാരനുമായിരുന്നു. വല്ലാടൻ മൈതീൻകുഞ്ഞ്, പഞ്ചാബിലെ രഞ്ജിത്സിങ് ഇവരൊക്കെ അദ്ദേഹത്തിന്റെ ശിഷ്യരായിരുന്നു. ഈ ഗുസ്തിക്കാരന്റെ മകളുടെ മകനാണ് സാഹിത്യവാരഫലക്കാരനായ എം. കൃഷ്ണൻനായർ; കുട്ടൻപിള്ളയ്ക്ക് ആദ്യത്തെ ഭാര്യയിലുണ്ടായ മകളുടെ മകൻ. പ്രഥമപത്നിയുടെ ചരമത്തിനു ശേഷം മുത്തച്ഛൻ വേറൊരു വിവാഹം നടത്തി. ആ ദ്വിതീയപത്നി ഭർത്താവിനെപ്പോലെതന്നെ ഗുസ്തിക്കാരിയായിരുന്നു. കാലത്ത് അരറാത്തൽ ബദാംപരിപ്പ് കാച്ചിയ പാലിൽ അരച്ചുകലക്കി കുടിച്ചതിനുശേഷം കുട്ടൻപിള്ള ഭാര്യയുമായി ഗോദയിലിറങ്ങും. മൂച്ചടയ്ക്കുക എന്നൊരു ഏർപ്പാടുണ്ട് ഗുസ്തിക്കാർക്ക്. മുത്തച്ഛൻ ഗുസ്തിപിടിച്ചിരുന്നത് മുത്തശ്ശിയുമായിട്ടാണ്. അദ്ദേഹം അങ്ങനെ മൂച്ചടയ്ക്കുന്നത് കുട്ടികളായ ഞങ്ങൾ നോക്കിനില്ക്കും. മുത്തച്ഛൻ അനായാസമായി അമ്മൂമ്മയെ അടിച്ചു താഴെയിടും. ഞങ്ങൾ കൈകൊട്ടും. എല്ലാ ദിവസവുമുണ്ടായിരുന്നു ഈ ഏർപ്പാട്. അമ്മൂമ്മ തോല്ക്കുമെന്നതു നിശ്ചയമായിരുന്നതുകൊണ്ട് ക്രമേണ ഞങ്ങൾക്ക് ആ ഗുസ്തിമത്സരം വിരസമായിത്തീർന്നു. ഒടുവിൽ അതു കാണാൻ ആരുമില്ലാതെയായി. ഫലപ്രാപ്തി ഇന്നത് എന്ന നേരത്തേ അറിയാമെങ്കിൽ ഏതു പ്രവൃത്തിയാണ് ജിജ്ഞാസയുളവാക്കുക?

> മാർകേസിനെക്കാൾ വലിയ കലാകാരനാണ് ബാസ്തോസ്. വായനക്കാരോട് ഒരിക്കൽ പറയട്ടെ. ഈ നോവൽ വായിക്കൂ. കലയുടെ മഹാദ്ഭുതം നിങ്ങൾക്ക് അനുഭവപ്പെടും.

മരം മുറിക്കുന്ന ചിലർ, നേരത്തേ പല കൊമ്പുകളിലുമായി കയറുകെട്ടി താഴത്തേക്കിടുന്നു. ഒന്നുരണ്ടുപേർ കോടാലികൊണ്ടു ചുവട്ടിൽ ആഞ്ഞാഞ്ഞു വെട്ടുന്നു. ചീളുകൾ തെറിക്കുന്നു. ഒടുവിൽ ഒറ്റപ്പിടിത്തം കയറുകൾ കൂട്ടിപ്പിണച്ച്. വെട്ടുകാർ ഉദ്ദേശിച്ച സ്ഥലത്തുതന്നെ മരം വന്നുവീഴുന്നു. അടുത്തുള്ള കൊച്ചു ചെടികൾക്കു പോലും നാശം സംഭവിക്കുന്നില്ല. ഈ മരംമുറിക്കൽ കാണാൻ എന്തു രസമുണ്ട്? പ്രതീക്ഷയ്ക്ക് അനുസരിച്ച ഫലപ്രാപ്തി രസജന്യമല്ലെന്നു മാത്രമല്ല വിരസവുമത്രേ. ശ്രീ. ഏകലവ്യന്റെ "ഋതുഭേദങ്ങൾ" എന്ന ചെറുകഥ കലാകൗമുദിയിൽ വായിച്ചു തുടങ്ങിയപ്പോൾത്തന്നെ അത് ഇന്ന രീതിയിൽ അവസാനിക്കും എന്ന് എനിക്കു തോന്നി. എനിക്കു മാത്രമല്ല ഒരു സ്കൂൾക്കുട്ടിക്കു പോലും അതിന്റെ അവസാനം എന്തായിരിക്കുമെന്ന് ഊഹിക്കാനാവും. മോടിപിടിപ്പിച്ച രീതിയിൽ, മരണത്തിലേക്കു നീങ്ങുന്ന ഒരു സ്ത്രീയെ കഥാകാരൻ വർണ്ണിക്കുന്നു. അവർ മരിച്ചാൽ അവരുടെ ഭർത്താവ് ആത്മഹത്യ നടത്തിക്കളയുമെന്നുവരെ കഥാകാരൻ പറഞ്ഞുവയ്ക്കുന്നുണ്ട്. അനിയതമായ ഈ ദുഃഖപ്രകടനം കാണുന്ന ഏതു വായനക്കാരനും തീരുമാനിക്കും. അയാൾ ആ സ്ത്രീയുടെ മരണത്തിനുശേഷം വേറൊരു സംബന്ധം നടത്തുമെന്ന്. ആ സംബന്ധം നടത്തിച്ച് കഥയെ വെറും അസംബന്ധമാക്കിത്തീർക്കുന്നു ഏകലവ്യൻ. വേറൊരു വിധത്തിൽ പറയാം. ഏകലവ്യന്റെ കഥയ്ക്ക് അന്യാദൃശസ്വഭാവമില്ല. ആ സ്വഭാവം വരുത്തണമെങ്കിൽ ഭാവന വേണം. ഭാവനാരാഹിത്യം ചിരപരിചിതത്വത്തിന്റെ പ്രതീതിയേ ഉളവാക്കൂ. കാശിയിൽ സ്ഥിരമായി താമസിക്കുന്നവൻ ഒരു മാസം ബോംബെയിൽ പോയി പാർത്തിട്ടു തിരിച്ചു കാശിയിലെത്തിയാൽ അയാൾക്ക് ഒരു വികാരവുമുണ്ടാവുകയില്ല. എന്നാൽ ആദ്യമായി കാശിയിൽ ചെല്ലുന്നവൻ അദ്ഭുതവികാരത്തിനു വിധേയനായി നിന്നുപോകും. കഥാകാരന്മാർ, മൂച്ചടച്ച് സഹധർമ്മിണിയെ തള്ളിത്താഴെയിടുന്ന അയ്യനം കുട്ടൻപിള്ളയെപ്പോലെ ആവരുത്. മരം മുറിച്ച് വീഴ്ത്തേണ്ടിടത്തു വീഴ്ത്തുന്ന മരംവെട്ടുകാർ ആവരുത്.

### ചോദ്യം, ഉത്തരം

**ചോദ്യം:** കുടുംബച്ഛിദ്രം ഉണ്ടാകുന്നത് എന്തുകൊണ്ട്?

**ഉത്തരം:** സഹോദരികളും സഹോദരന്മാരും കുട്ടികളായിരിക്കുമ്പോൾ അവർക്കു അച്ഛനമ്മമാരുടെ സംരക്ഷണം ഉണ്ടായിരിക്കും. അപ്പോൾ സഹോദരികളും സഹോദരന്മാരും ഒറ്റക്കെട്ടായി വർത്തിക്കും. എല്ലാവർക്കും ഒരേ ലക്ഷ്യം. എന്നാൽ വിവാഹത്തിനുശേഷം സഹോദരികൾ അവരുടെ ഭർത്താക്കന്മാരുടെയും സഹോദരന്മാർ അവരുടെ ഭാര്യമാരുടെയും ചൊല്പടിയിലാവും. അതോടെ സംഘട്ടനമാരംഭിക്കുകയായി. ചേട്ടൻ അനിയനെയും അനിയൻ ചേട്ടനെയും നിന്ദിക്കുന്നത് അവരുടെ ഭാര്യമാരുടെ തലയണമന്ത്രത്താലാണ്. എല്ലാക്കുടുംബങ്ങളിലും ശണ്ഠകളുണ്ട്. അന്യോന്യം കുടുംബാംഗങ്ങൾ ശത്രുത പുലർത്തുന്നു. മറ്റുള്ളവർ കാൺകെ അവരതു പ്രദർശിപ്പിക്കുന്നില്ല എന്നേയുള്ളു.

**ചോദ്യം:** ഭ്രാന്തനോ പിശുക്കനോ ഭേദം?

**ഉത്തരം:** സംശയമെന്ത്? ഭ്രാന്തനാണു ഭേദം. ഭ്രാന്തനെ ഒഴിഞ്ഞു നടക്കാം. പിശുക്കൻ അവന്റെ ചെറ്റത്തരംകൊണ്ട് അന്യരെ എപ്പോഴും ആക്രമിക്കും.

**ചോദ്യം:** നിങ്ങൾ പ്രധാനമന്ത്രിയായാൽ ആദ്യം നിർമ്മിക്കുന്ന നിയമമേതായിരിക്കും?

**ഉത്തരം:** ഞാൻ സൂര്യപ്രകാശത്തിനു കരം ചുമത്തും. എന്നിട്ട് ഓരോ വർഷവും അതു ഇരട്ടിയാക്കിക്കൊണ്ടിരിക്കും. കരം കൊടുക്കാൻ ബഹുജനം മടിച്ചാൽ അവന്റെയെല്ലാം നട്ടെല്ല് അടിച്ചൊടിക്കാൻ പൊലീസിനോടു പറയും.

**ചോദ്യം:** നിങ്ങളുടെ ഒരു പ്രയോഗമുണ്ടല്ലോ എപ്പോഴും; സുജനമര്യാദ. എന്താണതിന്റെ അർത്ഥം?

**ഉത്തരം:** ടെലിഫോൺ ബെല്ല് അടിച്ചാൽ കൊച്ചു കുട്ടികളെക്കൊണ്ട് റിസീവർ എടുപ്പിക്കാതിരിക്കുക എന്നതാണു സുജനമര്യാദ.

**ചോദ്യം:** വേദികളിൽ കയറിനിന്നു പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ എന്നു പ്രസംഗിക്കുന്നവരെക്കുറിച്ചു നിങ്ങൾ എന്തു പറയുന്നു?"

**ഉത്തരം:** മുക്കുമുട്ടെ ശാപ്പാട് അടിച്ചുകൊണ്ട് വിശന്നു പൊരിഞ്ഞിരിക്കുന്നവരെ നോക്കി കള്ളം പറയുന്നവർ.

**ചോദ്യം:** മാർകേസിനെക്കാൾ വലിയ നോവലിസ്റ്റുകളുണ്ടോ?

**ഉത്തരം:** 'I, The Supreme' എന്ന നോവലെഴുതിയ റോആ ബാസ്തോസിന്റെ ആയിരത്തിൽ ഒരംശം പ്രാഗല്ഭ്യം മാർകേസിനില്ല. അദ്ദേഹത്തിന്റെ ഏതു കൃതിയും ബാസ്തോസിന്റെ നോവലിന്റെ താഴേക്കിടയിലാണ് വർത്തിക്കുന്നത്.

**ചോദ്യം:** സംഭാഷണത്തിൽ ശ്രദ്ധിക്കേണ്ട ഒരുകാര്യം പറഞ്ഞുതരൂ.

**ഉത്തരം:** സ്വന്തം കവിതയെക്കുറിച്ച് നിരൂപണത്തെക്കുറിച്ച്, നോവലിനെക്കുറിച്ചു സംസാരിക്കരുത്. സംസാരിച്ചാൽ അയാൾ ഉടനെ റിസ്റ്റ് വാച്ച് നോക്കും. അയാളെക്കുറിച്ചു നിങ്ങൾ സംസാരിച്ചാൽ ഇരുപത്തിയൊന്നാം ശതാബ്ദത്തിന്റെ അന്ത്യംവരെയും അയാളതു കേട്ടുകൊണ്ടിരിക്കും.

**ചോദ്യം:** സ്ത്രീയുടെ ചിരിയാണ് ഏറ്റവും മനോഹരമെന്നു നിങ്ങൾ കാക്കത്തൊള്ളായിരം പ്രാവശ്യം പറഞ്ഞിട്ടുണ്ടല്ലോ. എനിക്കങ്ങനെ തോന്നുന്നില്ലല്ലോ സാറേ.

**ഉത്തരം:** നിങ്ങളെ നോക്കിച്ചിരിച്ച സ്ത്രീകൾ പുഞ്ചിരി പൊഴിച്ചിരിക്കില്ല. പല്ലുകൾ മാത്രം കാണിച്ച് ചിരിച്ചിരിക്കില്ല. അണ്ണാക്കു കാണുന്ന മട്ടിൽ വാതുറന്നു ചിരിച്ചിരിക്കും. അതുകൊണ്ടാണ് അങ്ങനെ തോന്നിയത്.

## ജേണലിസം



റോആ ബാസ്തോസ്

ആധുനികരായ ആചാര്യന്മാർ എടുത്തുകാണിച്ചിട്ടുള്ള ഒരു പൂർവ്വകഥയെ അവലംബിച്ച് ശ്രീ. ജയപ്രകാശ് അങ്കമാലി രചിച്ച "യശസ്സ്" എന്ന കാവ്യം കാവ്യധിഷണയുടെ സന്തതി മാത്രമാണ്. വളരെക്കാലം ഭൂമിയിൽ ഇല്ലാതിരുന്ന രാജാവ് ഭൂമിയിലെത്തി ഒരു മഹർഷിയെക്കണ്ടു ചോദിക്കുന്നു 'താങ്കൾ എന്നെ അറിയുമോ' എന്ന്. 'ഇല്ല' എന്ന മറുപടി. രാജാവ് മഹർഷിയെക്കാൾ ആയുസ്സേറിയ ഒരു കൊക്കിനെക്കണ്ട് അതേ ചോദ്യം ചോദിച്ചു. 'ഇല്ല' എന്ന മറുപടി കിട്ടിയപ്പോൾ കൊക്കിനെക്കാൾ ആയുസ്സിനു ദീർഘതയുള്ള ആമയെക്കണ്ടു ചോദിച്ചു. ആമ മറുപടി നല്കി:

> "ഞാൻ മറക്കുമോ മഹാനായ താങ്കളെ, ധർമ്മം
> ഞാണൊലിയുയർത്തിയതിപ്പൊഴും മുഴങ്ങുന്നു.
> ഹാ മറക്കുമോ ദിവ്യനായ രാജാവേ! പണ്ടു
> ഭൂമിയിലിന്ദ്രൻപോലെ വാണ താങ്കളെക്കാലം?"

> നിത്യജീവിതത്തിലെ മരണം ശോകദായകമാണ്. എന്നാൽ അതു കവിതയിലേക്കു കടക്കുമ്പോൾ അദ്ഭുതജനകമായിബ്ഭവിക്കണം. പഞ്ഞിക്കെട്ടിൽ തീപിടിച്ചാലെങ്ങനെ? അതുപോലെ അനുവാചക ഹൃദയത്തിൽ ഒരനുഭവമുണ്ടാകണം.


ഇക്കഥയെ തനിക്കു കഴിയുന്ന മട്ടിൽ പ്രതിപാദിച്ചിട്ട് ജയപ്രകാശ് മാറിനില്ക്കുന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ താളുകളിൽനിന്ന്. കാവ്യം ഒന്നുകൂടെ വായിക്കേണ്ടതില്ല. ധിഷണയുടെ മാത്രം—ചിന്തയുടെ മാത്രം—സൃഷ്ടിയാണിതെന്ന് ആദ്യത്തെ പാരായണംതന്നെ സ്പഷ്ടമാക്കിത്തരും. കവിതയെന്നത് ഉള്ളിലെ കണ്ണുകൊണ്ടു കണ്ടതിനെ വീണ്ടും സൃഷ്ടിക്കലാണ്. അതു നിർവഹിക്കുമ്പോൾ അക്കഥയിലുള്ള പരോക്ഷ സത്യങ്ങൾ വെളിപ്പെട്ടുവരും. അത് വായനക്കാരന്റെ ജീവിതാവബോധത്തെ തീക്ഷ്ണതമമാക്കും. ഇപ്പോഴത്തെ നിലയിൽ ജയപ്രകാശ് അങ്കമാലിയുടെ ഇക്കാവ്യം 'Verse Journalism' മാത്രമാണ്. സർഗ്ഗാത്മകമായ ചിത്രം പ്രദാനം ചെയ്യാതെ ആഖ്യാനത്തിൽ മാത്രം അഭിരമിക്കുന്ന കാവ്യം ജേണലിസത്തിൽക്കവിഞ്ഞു ഒന്നുമാകുന്നില്ല.

## സംഭവങ്ങൾ

1. പ്രശസ്തനായ നോവലിസ്റ്റ് ശ്രീ. എം. കെ മേനോനെ (വിലാസിനി) ഡിസംബർ 31-ആം നു വൈകുന്നേരം നാഷനൽ ബുക്ക് സ്റ്റാളിന്റെ നടയിൽവച്ചു കണ്ടു. സാഹിത്യവാരഫലത്തിൽ പറയാറുള്ള ലാറ്റിനമേരിക്കൻ നോവലുകൾ അദ്ദേഹം വായിച്ചിട്ടില്ലാത്തവയാണെങ്കിൽ കുറിച്ചുവയ്ക്കാറുണ്ടെന്നും പിന്നീട് അവ വരുത്തിവായിക്കാറുണ്ടെന്നും അദ്ദേഹം അറിയിച്ചു. അങ്ങനെ അമേരിക്കയിൽനിന്നു വരുത്തിയ നോവലാണ് റോആ ബാസ്തോസിന്റെ I, The Supreme എന്ന നോവലെന്ന് അദ്ദേഹം പറഞ്ഞു. എന്തുകൊണ്ടും മാർകേസിന്റെ ഒടുവിലത്തെ നോവലിനെക്കാൾ അതു ശ്രേഷ്ഠമാണെന്ന് എം. കെ. മേനോന് അഭിപ്രായമുണ്ട്. അതുകേട്ടു ഞാൻ പറഞ്ഞു: മാർകേസിനെക്കാൾ വലിയ കലാകാരനാണ് ബാസ്തോസ്. വായനക്കാരോടു ഒരിക്കൽ പറയട്ടെ. ഈ നോവൽ വായിക്കൂ. കലയുടെ മഹാദ്ഭുതം നിങ്ങൾക്ക് അനുഭവപ്പെടും.

   ഒരുകാര്യം പറയാൻ വിട്ടുപോയി. തകഴി ശിവശങ്കരപ്പിള്ളയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ മനോഹരമാണെന്നും എം. കെ. മേനോൻ അഭിപ്രായപ്പെട്ടു.
2. ചങ്ങമ്പുഴക്കവിതയുടെ സ്തോതാവായി നടക്കുന്ന എന്നോട് പരിണതപ്രജ്ഞനായ ഒരു സാഹിത്യകാരൻ പറഞ്ഞു. (അദ്ദേഹത്തിന്റെ പേര് എഴുതാൻ അനുമതി ഇല്ല). ചങ്ങമ്പുഴയുടെ കവിത നല്ലതുതന്നെ. പക്ഷേ, അതിൽ സർഗ്ഗാത്മകതയുടെ ശക്തിയില്ല. അരവിന്ദഘോഷ് ഷെല്ലിയുടെ കവിതയെക്കുറിച്ച് എഴുതിയതാണ് എനിക്കോർമ്മ വരുന്നത്. ഷെല്ലിയുടെ 'Skylark'-ൽ Skylark ഇല്ല. ആ പേരിലൂടെ അദ്ദേഹം തന്റെ വിചാരവികാരങ്ങളെ മാത്രമേ സ്ഫുടീകരിച്ചിട്ടുള്ളൂ. സർഗ്ഗാത്മകശക്തി ഉണ്ടായിരുന്നെങ്കിൽ വായനക്കാരൻ Skylark ആയി മാറുമായിരുന്നു പാരായണവേളയിൽ.
3. പ്രസംഗങ്ങൾകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ഞാനൊരിക്കൽ കൈനിക്കര കുമാരപിള്ളയോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് ഇങ്ങനെ: "അതു ശരിയല്ല. ഗാന്ധിജി, ഗാന്ധിജി എന്നു പത്തുതവണ നമ്മൾ പറഞ്ഞാൽ കേട്ടുകൊണ്ടിരിക്കുന്നവരിൽ ഒരുത്തന്റെയെങ്കിലും മനസ്സിൽ ആ പേരു പതിയാതിരിക്കില്ല."
4. ഹജൂർകച്ചേരിയുടെ മുൻപിൽ നിന്നു തെല്ലകലെയായി കാറിടിച്ചു ഒരുത്തൻ മരിച്ചപ്പോൾ കവി കുഞ്ഞിരാമൻനായരും ഞാനും റോഡിന്റെ ഒരുവശത്ത് നില്ക്കുകയായിരുന്നു. "ഒഴിഞ്ഞു പോയിരുന്നെങ്കിൽ ആ മനുഷ്യന് ഇതു സംഭവിക്കുമായിരുന്നോ" എന്നു ഞാൻ കവിയോടു ദുഃഖത്തോടെ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഭാഗ്യവും ദൗർഭാഗ്യവും അപകടവും എല്ലാം ചേർന്ന ഒരു ചങ്ങലയാണ് ജീവിതം. അതിൽ നിന്ന് അപകടമെന്ന കണ്ണിയെടുത്തുമാറ്റാൻവയ്യ."


## കന്യാമറിയം




പോപ്പ് ജോൺപോളിനെ റോം പീറ്റേഴ്സ് സ്ക്വയറിൽവച്ച് ഒരുത്തൻ വെടിവച്ചല്ലോ. താൻ മരണത്തിൽനിന്നു രക്ഷപ്പെട്ടതു കന്യാമറിയത്തിന്റെ "വിശേഷോദ്ദേശകമായ പ്രാർത്ഥന"യാലാണെന്ന (personal intercession) അദ്ദേഹം ദൃഢമായി വിശ്വസിക്കുന്നു. അതുപോലെ യൂറോപ്പിലാകെ കമ്മ്യൂണിസമില്ലാതാക്കിയതും കന്യാമറിയമാണെന്നാണ് പോപ്പിന്റെ വിശ്വാസം (റൈറ്റം വാരിക, ഡിസംബർ 30, 1991 പുറം 50, കോളം 3). റൈറ്റമിലെ ഈ സുദീർഘമായ ലേഖനവും അദ്ഭുതസംഭവങ്ങളെ യഥാർത്ഥീകരിച്ചുകൊണ്ടുള്ള അതിലെ വേറൊരു ലേഖനവും വായിച്ചുകഴിഞ്ഞപ്പോൾ ഞാൻ മുൻപൊരിക്കൽ വായിച്ചുതീർത്തുവച്ച "Alone of All her Sex The Myth and the Cult of the Virgin Mary", Marina Warner എന്ന പുസ്തകമെടുത്തു നോക്കി. പത്തൊൻപതാം ശതാബ്ദത്തിലും ഈ ശതാബ്ദത്തിലും കന്യാമറിയം പ്രത്യക്ഷയായ പല സംഭവങ്ങളും—യഥാർത്ഥ സംഭവങ്ങളും—ഉണ്ടെന്ന് ആ പുസ്തകത്തിൽ പറഞ്ഞരിക്കുന്നു; പള്ളി അവയെ അംഗീകരിച്ചില്ലെങ്കിലും. 1917-ൽ പൊർചഗലിലെ (Portugal) ഫാത്തിമാ ദേവാലയത്തിൽ കന്യാമേരി മൂന്നു ഇടയക്കുട്ടികളുടെ മുൻപിൽ ആറുതവണ പ്രത്യക്ഷയായി. മേയ് മാസം 13-നും ഒക്ടോബർ 13-നുമിടയ്ക്കായിരുന്നു ഈ പ്രത്യക്ഷപ്പെടൽ. പോപ്പിനെ വെടിവച്ചതും മേയ് 13-ആം തീയതി ആയിരുന്നു. അതിനാലാണ് തന്നെ രക്ഷിച്ചത് കന്യാമറിയം ആണെന്നു പോപ്പ് വിശ്വസിക്കുന്നത്. കന്യാമറിയം പ്രത്യക്ഷപ്പെട്ട് ആ മൂന്നുകുട്ടികളിൽ ഒരുവനോടു സോവിയറ്റ് സമഗ്രാധിപത്യമുണ്ടാകുമെന്നു പറഞ്ഞുവത്രേ. പിന്നീടുണ്ടായ പ്രത്യക്ഷപ്പെടലിൽ പോപ്പിനോടും ബിഷപ്പന്മാരോടും കമ്മ്യൂണിസത്തെ നശിപ്പിക്കാനായി തന്റെ വിശുദ്ധഹൃദയത്തിന്റെ മുൻപിൽ റഷ്യയെ സമർപ്പിക്കാൻ അവർ ആവശ്യപ്പെട്ടു. മൂന്നു ശ്രമങ്ങൾ അതിനായി നടന്നു. ഫലപ്പെട്ടില്ല. 1984-ൽ ജോൺപോൾ അതു നടത്തി. അടുത്തവർഷം ഗോർബച്ചോഫ് അധികാരത്തിൽ വരികയും അത് യു. എസ്. എസ്. ആറിന്റെ തകർച്ചയ്ക്കു കാരണമാവുകയും ചെയ്തു. ഇങ്ങനെയൊക്കെയാണ് റൈറ്റമിൽ കാണുന്നത്.

> "ഭ്രാന്തനോ പിശുക്കനോ ഭേദം?"
> "സംശയമെന്ത്? ഭ്രാന്തനാണ് ഭേദം. ഭ്രാന്തനെ ഒഴിഞ്ഞു നടക്കാം. പിശുക്കൻ അവന്റെ ചെറ്റത്തരം കൊണ്ടു അന്യരെ എപ്പോഴും ആക്രമിക്കും."

എനിക്ക് ഈ ലേഖനം താല്പര്യജനകമായതു ഞാൻ വായിച്ച ഒരു പുസ്തകത്തെക്കുറിച്ചു ലേഖകൻ പറഞ്ഞതിനാലാണ്. കന്യാമറിയത്തിന്റെ ദൈവികമാതൃത്വവും കന്യകാത്വവും വിശുദ്ധഗർഭധാരണം (the dogma of the unique Privilege by which the Virgin Mary was conceived in her mother's womb without the stain of original sin through the anticipated merits of Jesus Christ.) ശരീരത്തോടും ആത്മാവോടുംകൂടി കന്യാമറിയത്തിന്റെ സ്വർഗ്ഗാരോഹണം—ഈ നാലിലും വിശ്വാസമർപ്പിച്ചുകൊണ്ടുള്ള രചനയുടെ ഫലമാണ് മേരിന വാർനറുടെ പുസ്തകം. വിശ്വവിഖ്യാതയായ Margaret Mead ഈ ഗ്രന്ഥത്തെ astonishing and enlightening എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. റൈറ്റം വാരികയിലെ ലേഖനങ്ങളിലേക്കും മേരിനയുടെ പുസ്തകത്തിലേക്കും ഞാൻ വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കട്ടെ.



Margaret Mead


മതപരമായ സംവീക്ഷണത്തിന് എതിരായുള്ള സങ്കല്പങ്ങളെയും മേരിന എടുത്തുകാണിക്കുന്നുണ്ട്. എല്ലാ ആളുകൾക്കും കന്യകാത്വം നശിക്കാത്ത അമ്മ വേണമെന്നാണ് ആഗ്രഹമെന്ന് യുങ്ങും അനുയായികളും വിശ്വസിക്കുന്നു. അതു പ്രതിരൂപാത്മകമായിരുന്നാലും മതി അവർക്ക്. റൊളാങ് ബാർഥ് ഈ പ്രവർത്തനത്തെ സൂക്ഷ്മതയോടെ വിവരിക്കുന്നുണ്ട് Mythologies എന്ന ഗ്രന്ഥത്തിൽ. "We reach here the very principle of myth: it transforms history into nature. (P. 129 Paladin Book.)

## രാജ്യം കൂടുതൽ ജീർണ്ണിക്കും

The Decline and Fall of the Roman Empire എന്ന ഉത്കൃഷ്ടമായ ഗ്രന്ഥം സമ്പൂർണ്ണമായും ഞാൻ വായിച്ചിട്ടില്ല. എങ്കിലും അതിന്റെ ഒരു ചെറിയ രൂപം വായിച്ചിട്ടുണ്ട്. ഉജ്ജ്വലമായ റോമാ സാമ്രാജ്യം എന്തുകൊണ്ടും തകർന്നു എന്നതിന്റെ കാരണങ്ങൾ ഗ്രന്ഥകർത്താവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1. കായികവിനോദങ്ങളിലുള്ള അമിതമായ താല്പര്യം. (നമ്മുടെ രാജ്യത്ത് ഇതുണ്ട്. എത്ര പണമാണ് ക്രിക്കറ്റ് കളിക്കും ഓട്ടത്തിനും ചാട്ടത്തിനും നമ്മൾ ചെലവാക്കുന്നത്.)
2. ഓരോ വർഷവും നികതി വർദ്ധിപ്പിക്കൽ (നമ്മുടെ രാജ്യത്ത് ഇതു വളരെക്കാലമായി നടക്കുന്നു. ആളുകളുടെ വരുമാനം സ്ഥിരം. അരിവില, പെട്രോൾ വില, ട്രാൻസ്പോർട്ട് ചാർജ്ജ് ഇവ കൂട്ടിക്കൊണ്ടിരിക്കുന്നു.)
3. വിവാഹമോചനത്തിന്റെ ആധിക്യം. (ഇതു നമ്മുടെ നാട്ടിലുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ.)
4. മതത്തിന്റെ ജീർണ്ണത. (ഇതും ഇന്ത്യയുടെ ശാപമാണ്.)

റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിന് ഈ ഹേതുക്കൾ ചൂണ്ടിക്കാണിക്കുന്ന ഗ്രന്ഥകാരൻ കവിതയുടെ ജീർണ്ണത, നിരൂപണത്തിന്റെ ജീർണ്ണത ഇവയെക്കുറിച്ച് പറഞ്ഞിട്ടില്ല. കവിതയും നിരൂപണവും അന്നു നല്ല നിലയിൽ വർത്തിച്ചിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു.




നമ്മുടെ രാജ്യത്തിന്റെ അധഃപതനത്തിന് ഈ ജീർണ്ണതകൂടി ചൂണ്ടിക്കാണിക്കാമെന്നു തോന്നുന്നു. വൈലോപ്പിള്ളി ശ്രീധരമേനോൻ ഭേദപ്പെട്ട കവിയാണ്. പക്ഷേ, അദ്ദേഹത്തിന്റെ "അരിയില്ലാഞ്ഞിട്ട്" എന്ന കാവ്യത്തിൽ കവിതയില്ല. അത് വെറും പദ്യമാണ്. ആ പദ്യത്തെ ഉത്കൃഷ്ടമായ കാവ്യമായും സമൂഹവിപ്ലവം വരുത്താനുള്ള ആഹ്വാനമായും ചിലർ കരുതുന്നു. ഒരു ദരിദ്രൻ ജീവിച്ചിരിക്കെ ആരും തുണയ്ക്കാൻ എത്തിയില്ല. അയാൾ ചത്തപ്പോൾ ചിലർ മാവുവെട്ടി. ശവം എളുപ്പംകൊണ്ടുപോകാൻ വേലിതട്ടി. വിധവയെ മറ്റു ചിലർ ആശ്വസിപ്പിച്ചു. ഒരു ധനികന്റെ കാരുണ്യംകൊണ്ട് കച്ചയ്ക്കുള്ള പണംകിട്ടി. വേറൊരാൾ മറുക്കാൻ ഒരുക്കി. ശവത്തിനുചുറ്റും വിതറാൻ കുറച്ച് ഉണക്കലരിവേണം ആരോ ചെന്ന് വിധവയോട് അതു ചോദിച്ചപ്പോൾ "അരിയുണ്ടെന്നാലങ്ങോരന്തരിക്കുകില്ലല്ലോ" എന്ന് അവർ മറുപടി പറഞ്ഞുപോലും. ഈ ശുഷ്കപദ്യത്തെയാണ് ചിലർ കൊണ്ടാടുന്നത്. നെഞ്ചേറ്റി ലാളിക്കുന്നത്. പ്രായോഗികതലത്തിൽ വിധവയുടെ പ്രസ്താവത്തിനു സാംഗത്യമില്ല. കലയുടെ തലത്തിൽ അതിനു വിശ്വാസ്യതയുമില്ല. ഒരു തകർന്ന ജീവിതത്തെ ഭാവനാത്മകമായി ചിത്രീകരിച്ച് യാഥാതഥ്യത്തിന്റെ തോന്നലുളവാക്കാനല്ല യത്നിച്ചത്. അതിനെ ഒരു ഐഡിയോളജിയിലേക്കു സംക്രമിപ്പിച്ചു കൈയടിനേടാനാണ്. മാത്രമല്ല ഈ പദ്യത്തിലെ വരികളിലടങ്ങിയ ആശയങ്ങൾക്ക് അന്തസ്സുമില്ല. "മരിക്കസാധാരണമീവിശപ്പിൽദ്ദഹിക്കലോ നമ്മുടെ നാട്ടിൽമാത്രം/ഐക്യക്ഷയത്താലടിമശ്ശവങ്ങൾ അടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം" എന്ന വരികളിലെ ആശയത്തിന്റെ ഉദാത്തതയെവിടെ? വൈലോപ്പിള്ളിയുടെ ആശയത്തിന്റെ അന്തസ്സാരശൂന്യതയെവിടെ?

നിത്യജീവിതത്തിലെ മരണം ശോകദായകമാണ്. എന്നാൽ അതു കവിതയിലേക്കു കടക്കുമ്പോൾ അദ്ഭുതജനകമായിബ്ഭവിക്കണം. പഞ്ഞിക്കെട്ടിൽ തീപിടിച്ചാലെങ്ങനെ? അതുപോലെ അനുവാചകഹൃദയത്തിൽ ഒരനുഭവമുണ്ടാകണം. ഇതിനൊക്കെ അസമർത്ഥമാണ് വൈലോപ്പിള്ളിയുടെ പദ്യം. കാവ്യപ്രചോദനത്തിന്റെ അധമതലത്തിൽ കവി വർത്തിച്ചപ്പോൾ ആവിർഭവിച്ച ഒരധമപദ്യമാണ് "അരിയില്ലാഞ്ഞിട്ട്" എന്നത്. അതിനെ വാഴ്ത്താൻ തുടങ്ങിയാൽ നമ്മുടെ സാഹിത്യനിരൂപണം കൂടുതൽ ജീർണ്ണിക്കും. രാജ്യത്തിന്റെ ജീർണ്ണതയ്ക്ക് അതും ഒരു കാരണമാകും. (ദേശാഭിമാനി വാരികയിൽ ശ്രീ. കെ. ഇ. എൻ. ഈ പദ്യത്തെക്കുറിച്ചെഴുതിയ ലേഖനം വായിച്ചപ്പോൾ എനിക്കു തോന്നിയത്.)



എം. കെ. മേനോൻ

പേരക്കുട്ടിക്ക് ഒരു വലിയ ബലൂൺ വാങ്ങിക്കൊണ്ടുവന്നു ഞാൻ. കുട്ടി അത് ഊതിപ്പെരുപ്പിക്കാൻ തുടങ്ങിയപ്പോൾ "മതി, മതി പൊട്ടിപ്പോകും" എന്നു ഞാൻ പറഞ്ഞു. കുട്ടി അതു ശ്രദ്ധിച്ചില്ല. ഊതിവീർപ്പിച്ച് ബലൂൺ പൊട്ടിച്ചു. അതുപോലെ പ്രതിപാദ്യവിഷയത്തെ പെരുപ്പിക്കാവുന്നിടത്തോളമേ കവി പെരുപ്പിക്കാവൂ. ഇല്ലെങ്കിൽ അതു ബലൂൺപോലെ പൊട്ടിപ്പോകും. പൊട്ടിയാൽ പേരക്കുട്ടിക്കു മാനസികമായ ക്ഷീണം. കണ്ടുനില്ക്കുന്നവർക്കു വല്ലായ്മ. കവി വലുതാക്കിയ പ്രതിപാദ്യവിഷയത്തെ വീണ്ടും ഊതിവലുതാക്കുന്നു നമ്മുടെ നിരൂപകർ. നിറുത്തു എന്നു പറയാനല്ലാതെ നമുക്കെന്തു കഴിയും?

## സാഹിത്യചിന്ത

1. അവർണ്ണനീയമായവിധത്തിൽ വൃത്തികെട്ടവൾ, അവർണ്ണനീയമായവിധത്തിൽ നാറ്റം വ്യാപിപ്പിക്കുന്നവൾ, അവർണ്ണനീയമായവിധത്തിൽ യുവത്വമുള്ളവൾ. ഞാൻ ഓട്ടോറിക്ഷയിൽ തമ്പാനൂർ എന്ന സ്ഥലത്തു ചെന്നിറങ്ങിയപ്പോൾ അവൾ ഓടി എന്റെ അടുക്കലെത്തി. തൊട്ടുതൊട്ടില്ലെന്ന മട്ടിൽ നിന്നു. വൃത്തികേടും നാറ്റവും എന്നെ പിറകോട്ട് കൊണ്ടു ചെല്ലേണ്ടതാണ്. പക്ഷേ, നീങ്ങാനിടമില്ല. നീങ്ങിയാൽ ഓട്ടോറിക്ഷയിൽ ചെന്നിടിക്കും. അവൾ ഒരുനിമിഷം കൊണ്ട് മാറുമറച്ചിരുന്ന സാരിയുടെ ഭാഗം വലിച്ചുതാഴെയിട്ടു. അത്രയും ഭാഗം റോഡിൽ കിടന്ന് ഇഴഞ്ഞു. എന്നിട്ട് എന്റെ നേർക്കു കൈനീട്ടി. രക്ഷപ്പെടാൻ വേണ്ടി ഞാൻ പോക്കറ്റിൽ കൈയിട്ടപ്പോൾ കിട്ടയത് രണ്ടുരൂപ നോട്ടാണ് അത് അവളുടെ കൈയിലേക്ക് ഇട്ടിട്ട് കൂലികൊടുക്കാൻ ഡ്രൈവറുടെ നേർക്കുതിരിഞ്ഞു. ഞങ്ങൾ ഒരു രൂപ കൂടുതൽ ചോദിച്ചാൽ തരില്ല. ചെറുപ്പക്കാരി മാറിടം അനാവരണംചെയ്തപ്പോൾ രണ്ടു രൂപ കൊടുക്കുന്നു എന്ന അർത്ഥം വരുന്ന മട്ടിൽ അയാളുടെ പുഞ്ചിരി. നോബൽ സമ്മാനം നേടിയ നേഡീൻ ഗോഡിമർ ഈ ഭിക്ഷക്കാരിയെപ്പോലെയാണ് സെക്സ് കലർത്തുന്നതു രചനകളിൽ. വായനക്കാർ അതുകണ്ടു ഭ്രമിക്കുമെന്ന് അവരുടെ വിചാരം. മുന്നൂറു രൂപ, നാന്നൂറു രൂപ എന്ന കണക്കിന് നോവൽ വാങ്ങിയവൻ മറ്റു മാർഗ്ഗമില്ലാതെ അവ വായിക്കുന്നു. വായിച്ചില്ലെങ്കിൽ രൂപ വെറുതേ കളഞ്ഞു എന്ന തോന്നലുണ്ടാവില്ലേ?
2. ഡോക്ടർ കെ. ഭാസ്കരൻനായരും ചങ്ങമ്പുഴയും തിരുവനന്തപുരത്തെ മ്യൂസിയം പാർക്കിൽ ഇരുന്നു സംസാരിക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ചങ്ങമ്പുഴ ഇരുന്ന പുൽത്തകിടിയുടെ തൊട്ടടുത്ത് ഏതോ ചെടിയുടെ പൂങ്കുലകൾ; അദ്ദേഹത്തിന്റെ കവിതപോലെ. ഭാസ്കരൻനായർസ്സാറിന്റെ ഇടതുവശത്ത് അങ്ങിങ്ങു പൂക്കളുള്ള ചില കൊച്ചുമരങ്ങൾ; അദ്ദേഹത്തിന്റെ ഗദ്യകൃതികൾപോലെ.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമ്മവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.